# ഭൂട്ടാന്റെ നാലാമത്തെ രാജാവിന്റെ 70-ാം ജന്മവാർഷികത്തോടനുബന്ധിച്ച പരിപാടിയിൽ പങ്കെടുത്ത് (നവംബർ 11, 2025) പ്രധാനമന്ത്രി

നവംബർ 11, 2025

ഭൂട്ടാന്റെ നാലാമത്തെ രാജാവായ ആദരണീയനായ ജിഗ്മെ സിംഗേ വാങ്ചുക്കിന്റെ 70-ാം ജന്മവാർഷികത്തോടനുബന്ധിച്ച് തിംഫുവിലെ ചാങ്‌ലിമിതാങ് സ്റ്റേഡിയത്തിൽ നടന്ന പരിപാടിയിൽ ഭൂട്ടാൻ രാജാവ്, രാജകുടുംബം, ഗവൺമെന്റ്, ഭൂട്ടാൻ ജനത എന്നിവർക്കൊപ്പം പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും പങ്കുചേർന്നു. ഈ അവസരത്തിൽ, ഡൽഹി സ്ഫോടനത്തിൽ കൊല്ലപ്പെട്ടവരെ അനുസ്മരിച്ച് ഭൂട്ടാൻ രാജാവ് ഒരു കൂട്ടായ പ്രാർത്ഥനയ്ക്കും നേതൃത്വം നൽകി.

2. പ്രധാനമന്ത്രി സദസ്സിനെ അഭിസംബോധന ചെയ്തു, നാലാമത്തെ രാജാവിനും ഭൂട്ടാൻ ജനതയ്ക്കും ഇന്ത്യയിലെ ജനങ്ങളുടെ ഊഷ്മളമായ ആശംസകൾ അറിയിച്ചു. ഭൂട്ടാനെ ഒരു ആധുനിക ദേശീയ രാഷ്ട്രമായും ഭരണഘടനാപരമായ ജനാധിപത്യ രാജവാഴ്ചയായും ഉയർത്തിക്കൊണ്ടുവന്ന രാജാവിന്റെ പരിവർത്തനാത്മക ഭരണകാലത്തെ അദ്ദേഹം എടുത്തുപറഞ്ഞു. നാലാമത്തെ രാജാവിന്റെ നേതൃത്വത്തിൽ ആയിരുന്നു സാമ്പത്തിക വളർച്ചയും സുസ്ഥിരതയും സംയോജിപ്പിച്ചുകൊണ്ട് ഭൂട്ടാൻ ഗ്രോസ് നാഷണൽ ഹാപ്പിനസ് എന്ന സവിശേഷ ആശയം അവതരിപ്പിച്ചത്.

3. ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള പ്രത്യേക സൗഹൃദത്തിന് വിലമതിക്കാനാവാത്ത സംഭാവന നൽകിയതിന് ഭൂട്ടാനിലെ നാലാമത്തെ രാജാവിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു. വർഷങ്ങളായി ഉഭയകക്ഷി സഹകരണത്തിന്റെ എല്ലാ മേഖലകളിലും ഇന്ത്യ-ഭൂട്ടാൻ പങ്കാളിത്തം വ്യക്തിപരമായി രൂപപ്പെടുത്തിയത് നാലാമത്തെ രാജാവാണ്. രാജാവിന്റെ മാർഗനിർദേശവും ജ്ഞാനോപദേശവും ഈ ബന്ധത്തിന് തുടർന്നും ഗുണം ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

4. ഭൂട്ടാൻ രാജാവിന്റെ മഹത്തായ പൈതൃകം വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ അദ്ദേഹം കാണിച്ച ദർശനത്തെയും ഉറച്ച ശ്രമങ്ങളെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. രാജാവിന്റെ നേതൃത്വത്തിലുള്ള ഭൂട്ടാന്റെ ശ്രദ്ധേയമായ പുരോഗതിയും ഇന്ത്യയും ഭൂട്ടാനും തമ്മിൽ നിലനിൽക്കുന്ന സൗഹൃദവും അടുത്ത പങ്കാളിത്തവും അദ്ദേഹം എടുത്തുപറഞ്ഞു. അഭിസംബോധന ചെയ്യുള്ള പ്രധാനമന്ത്രിയുടെ മുഴുവൻ പ്രസംഗം ഇവിടെ കാണാം (ലിങ്ക്)

തിംഫു

നവംബർ 11, 2025